പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 190 — 12.02.2020 ലെ മറുപടിക്ക്

## കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും വിപണന പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീമതി യു. പ്രതിഭ<br>ശ്രീ.കെ.യു. ജനീഷ് കുമാർ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും വിപണന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ജനപ്രിയമാക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | എ) സംസ്ഥാനത്ത് കയറിന്റെയും കയർ ഉല്പന്നങ്ങളുടേയും വിപണി വർദ്ധിപ്പിക്കുന്നതിനും സുസ്ഥിരമായി നിലനിൽക്കുന്നതിനും സർക്കാർ വലിയ പരിഗണന നൽകുന്നു. കയർ ജിയോ ടെക്സ്റ്റൈൽസ് പദ്ധതി, കയർ കാർണിവൽ, ബയൻറർലസ് കയർ കോമ്പോസിറ്റ് ബോർഡ് ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടി ഇവയാണ് വിപണി വർദ്ധിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ.<br><br>കയർ കേരള 2017 ൽ വച്ച് 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതി ഗ്രാമ പഞ്ചായത്തുകളും എം.ജി.എൻ.ആർ.ഇ.ജി.എസ് മായി ചേർന്ന് ഒപ്പുവച്ചതാണ് ഏറ്റവും ശ്രദ്ധേയമായ നടപടി. ഇതുവഴി കയർ മേഖലയിലും കയർ ഉല്പന്ന മേഖലയിലും സംഭരണത്തിലും വിതരണത്തിലും ഗണ്യമായ പുരോഗതിയും കൂടുതൽ തൊഴിൽ ദിനങ്ങളും സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ 5608011 സ്ക്വ.മീ കയർ ഭൂവസ്ത്രവും കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോമിൽ തുടങ്ങിയ കയർ പൊതുമേഖലാ സ്ഥാപനങ്ങൾ വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.<br><br>കയർ ഉല്പന്ന വിപണനത്തിനായി കയർ കാർണിവൽ 2017 നടപ്പിലാക്കുകയുണ്ടായി. ഈ പദ്ധതിയിലൂടെ 127 ബ്രാൻറ് ഔട്ട് ലറ്റുകളിലൂടെ സംസ്ഥാനത്താകെ 9 തെരെഞ്ഞെടുക്കപ്പെട്ട ഹാൻറ് ലൂം പ്രൊഡക്ടുകൾ 50% സബ്സിഡി നൽകി വിറ്റഴിച്ചു. 15 കോടി രൂപയുടെ കയർ ഉല്പന്നങ്ങൾ ഇതുവഴി വിതരണം ചെയ്തു. |

| | |
|---|---|
| | 2019 കയർ കേരള വഴി 399 കോടി രൂപയുടെ ഓർഡറുകൾ കയർ അപ്പക്സ് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ലഭിക്കുമെന്നുള്ള ധാരണ ഉണ്ടായിട്ടുണ്ട്. 103 കോടി രൂപയുടെ കയർ ഭൂവസ്ത്ര ധാരണാ പത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പ് വച്ചിട്ടുണ്ട്. കൽക്കട്ടയിൽ വച്ച് 2019 ൽ നടന്ന നാച്വറൽ ഫൈബറുകളുടെ സെമിനാറിൽ പങ്കെടുത്ത ഫ്രാൻസിൽ നിന്നെത്തിയ സംഘം കയർ ജിയോ ടെക്സ്റ്റൈൽസ് ഇറക്കുമതി ചെയ്യുന്നതിന് കയർഫെഡുമായി ധാരണയിൽ എത്തുകയും 25.86 ലക്ഷം രൂപ വിലമതിക്കുന്ന കയർഭൂവസ്ത്രം കയർഫെഡിൽ നിന്നും വാങ്ങുകയും ചെയ്തിട്ടുണ്ട്. |
| ബി) കയർ മേഖലയിൽ ഉല്പാദനം മെച്ചപ്പെടുത്തുന്നതിന് കയർ സഹകരണ സംഘങ്ങൾ വഹിക്കുന്ന പങ്ക് പരിഗണിച്ച് അവയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | ബി) എല്ലാ കയർ സഹകരണ സംഘങ്ങൾക്കും സംസ്ഥാന ബജറ്റിന്റെ ഭാഗമായ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ നിന്നും വർക്ക്ഷെഡ്, ടോയ് ലറ്റ്, ഗോഡൗണുകൾ എന്നിവ നിർമ്മിക്കുന്നതിനും മെയിൻറനൻസ് നടത്തുന്നതിനും ധനസഹായം നൽകി വരുന്നു. കൂടാതെ എൻ.സി.ഡി.സി. പദ്ധതി പ്രകാരം യന്ത്രവത്ക്കരണ നടപടികളും സ്വീകരിച്ചുവരുന്നു. സംഘങ്ങൾക്ക് പ്രവർത്തനമൂലധനം ലഭ്യമാക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രവർത്തനക്ഷമമായ സംഘങ്ങളോടൊപ്പം പ്രവർത്തിക്കുവാൻ തയ്യാറുള്ള ദുർബലാവസ്ഥയിലുള്ള കയർ സഹകരണ സംഘങ്ങൾക്കും നിലവിലുള്ള എല്ലാ ആനുകൂല്യങ്ങളും സർക്കാർ നൽകുന്നുണ്ട്.<br><br>താഴെ പറയുന്ന പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1. കയറും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എംഡിഎ) നൽകി വരുന്നു.<br>2. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ കയർ സഹകരണ സംഘങ്ങൾക്ക് 90% സബ്സിഡി ഡി.എഫ്. മില്ലുകൾക്ക് 25 ലക്ഷം രൂപ വരെ നൽകി വരുന്നു.<br>3. കയർ വ്യവസായത്തിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.<br>4. ഉൽപ്പാദനവും വിപണന പ്രചോദനവും (പിഎംഐ) പദ്ധതിയിലൂടെ ആനുകൂല്യം നൽകി വരുന്നു.<br>5. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. |

| | |
|---|---|
| | 6.. കയർമേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു.<br>7. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.<br>8. കയർ ജിയോ ടെക്സ്റ്റയിൽസ് പദ്ധതി നടപ്പിലാക്കി വരുന്നു.<br>9. കയർപിരി മേഖലയിൽ കൂലിയുടെ ഒരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു.<br>10 കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കി വരുന്നു.<br>11. വിരമിച്ച കയർ സഹകരണ സംഘം ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br>12. യന്ത്രവത്ക്കരണം പൂർത്തീകരിക്കുന്നതോടെ വേതന ഘടനയിൽ മാറ്റം ഉണ്ടാക്കാനാകും. നിലവിൽ വരുമാനം ഉറപ്പാക്കൽ പദ്ധതി വഴി സർക്കാർ സഹായം നൽകി വരുന്നുണ്ട്.<br>13. ഓണക്കാലത്ത് കയർഫെഡ്, ഫോമിൽ, കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിലുടനീളമുള്ള സ്റ്റാളുകളിലൂടെ കയർ ഉൽപ്പന്നങ്ങൾ ആകർഷകമായ സമ്മാന പദ്ധതികളിലൂടെ വിറ്റഴിക്കാനുള്ള പദ്ധതി.<br>14. മാനേജീരിയൽ സബ്സിഡി സ്കീം നടപ്പാക്കി വരുന്നു.<br><br>കേരളത്തിലെ കയർപിരി സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ കയറും കയർഫെഡുവഴി സംഭരിക്കുകയാണ് സർക്കാർ ചെയ്യുന്നത്. 2018-19 ൽ 1.57 ലക്ഷം ക്വിൻറൽ കയർ സംഭരിച്ചിട്ടുണ്ട്. കൂടാതെ ഈ കയറുകളിൽ ഏതെങ്കിലും ഇനം വിൽപ്പന നടത്തുന്നതിന് പ്രയാസം നേരിടുന്ന സാഹചര്യങ്ങളിൽ പ്രൈസ് ഫ്ളക്ച്വേഷൻ കമ്മറ്റി ചേർന്ന് ആവശ്യമായ ഡിസ്കൗണ്ട് നിശ്ചയിച്ചുനൽകുകയും ചെയ്യുന്നു. കയർ വില 01/01/2020 മുതൽ പുതുക്കി നിർണ്ണയിച്ച് 30/12/19 ൽ ഉത്തരവായിട്ടുണ്ട്. |
| സി) കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും പ്രദർശനത്തിനും വില്പനയ്ക്കുമായി സർക്കാർ നടത്തിവരുന്ന മേളകൾ ഏതെല്ലാമാണ്; | സി) കയറിന്റെയും കയർ ഉല്പന്നങ്ങളുടേയും പ്രദർശനത്തിനും വില്പനയ്ക്കുമായി എല്ലാ വർഷവും കയർ കേരള എന്ന പേരിൽ അന്താരാഷ്ട്ര പ്രദർശന വിപണന മേള സംഘടിപ്പിക്കുന്നു. കയർ ഉല്പന്ന വിപണനത്തിനായി കയർ കാർണിവൽ 2017 നടപ്പിലാക്കുകയുണ്ടായി. സംസ്ഥാനത്തെ എല്ലാ പ്രാദേശിക ഉത്സവകാലങ്ങളിലും കയർ ഉല്പന്നങ്ങളുടെ വിപണന മേള കയർ പൊതുമേഖലാ |

| | |
|---|---|
| | സ്ഥാപനങ്ങൾ സംഘടിപ്പിച്ചുവരുന്നു. |
| ഡി) കയർ വികസന വകുപ്പ് നടത്തിയ അന്താരാഷ്ട്ര സംരംഭമായ 'കയർ കേരള' ഈ മേഖലയിൽ ഉണ്ടാക്കിയ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | ഡി) കയറിന്റെയും കയർ ഉല്പന്നങ്ങളുടേയും പ്രദർശനത്തിനും വില്പനയ്ക്കുമായി എല്ലാ വർഷവും കയർ കേരള എന്ന പേരിൽ അന്താരാഷ്ട്ര പ്രദർശ വിപണന മേള സംഘടിപ്പിക്കുന്നു. കയർ കേരള 2017 വച്ച് 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതി ഗ്രാമ പഞ്ചായത്തുകളും എം.ജി.എൻ.ആർ.ഇ.ജി.എസ് മായി ഒപ്പു വച്ചിരുന്നു. ഇതു വഴി കയർ മേഖലയിലും കയർ ഉല്പന്ന മേഖലയിലും സംഭരണത്തിലും, വിതരണത്തിലും ഗണ്യമായ പുരോഗതിയും കൂടുതൽ തൊഴിൽ ദിനങ്ങളും സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കയർ കേരള 2019 ൽ 103 കോടി രൂപയുടെ കയർ ഭൂവസ്ത്ര ധാരണാ പത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പുവച്ചിട്ടുണ്ട്. ആയതിന്റെ ഫലമായി കയർ രംഗത്ത് തൊഴിലും, കൂലിയും ഉറപ്പാക്കി സുസ്ഥിരമായി നിലനിർത്തുന്നതിന് സാധിക്കുന്നതാണ്. കയർ കേരള 2019 വഴി 399 കോടി രൂപയുടെ ഓർഡറുകൾ കയർ അപ്പക്സ് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ലഭിക്കുമെന്നുള്ള ധാരണ ഉണ്ടായിട്ടുണ്ട്. ഇതിൽ 181 കോടി രൂപ ആഭ്യന്തര വിപണിയിൽ നിന്നും 218 കോടി രൂപ കയറ്റുമതി വഴി വിദേശ വിപണിയിൽ നിന്നും ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കയർ കേരള വഴി കയർ കോർപ്പറേഷന് 167.50 കോടി രൂപയുടെ ഓർഡറാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 47 കോടി രൂപയുടെ കയർ ഉല്പന്നങ്ങൾ വിതരണം ചെയ്തു കഴിഞ്ഞു. കയർ കേരളയുമായി ബന്ധപ്പെട്ട് 40 ലക്ഷം രൂപയുടെ കയറും കയർ ഉല്പന്നങ്ങളും കയർഫെഡ് വില്പന നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

മ